വഴിവെളിച്ചം

# പരദൂഷണം പറയരുത്, കേൾക്കരുത്

عن عبدِ اللّٰه بنِ مَسْعُودٍ رضِى اللّٰه عَنْهُ قَال : قَالَ رَسُولُ اللَّه ﷺ :"لا يُبَلِّغنِى أَحدٌ مِن أَصْحَابِى عَنْ أَحَدٍ شَيْئًا ، فَإِنِّى أُحِبُّ أَن أَخْرُجَ إِلَيْكُمْ وَ أَنا سَلِيمُ الصَّدْرِ" (أبو داود)

**അബ്ദുല്ലാഹിബ്നു മസ്ഊദി(റ)ൽനിന്ന്: “നബി(സ) പറഞ്ഞു: എന്റെ അനുചരന്മാരിൽ ഒരാളും ഒരാളെക്കുറിച്ചും യാതൊന്നും എന്റെ മുമ്പിൽ അവതരിപ്പിക്കരുത്; നിശ്ചയം, നിങ്ങളിലേക്ക് ഹൃദയവിശുദ്ധിയോടെ കടന്നുവരാനാണ് ഞാൻ ആഗ്രഹിക്കുന്നത്” - അബൂദാവൂദ്/4860.***

**നബി(സ)** കേവലം ഒരു ഉപദേശിയോ സുവിശേഷകനോ ആയിരുന്നില്ല. മറ്റുള്ളവരിൽ ഉണ്ടാവണമെന്ന് താൻ ആഗ്രഹിക്കുന്ന എല്ലാ സദ്ഗുണങ്ങളും സ്വജീവിതത്തിൽ സാക്ഷാൽക്കരിച്ച് കാണിച്ചുകൊടുത്തിരുന്നു അദ്ദേഹം. ശ്രേഷ്ഠഗുണങ്ങളുടെ ഉടമയായ മാതൃകാവ്യക്തിത്വമായിരുന്നു നബിയുടെ ഉത്കൃഷ്ട സ്വഭാവ സവിശേഷതകളിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഈ ഹദീസ്. അന്യരുടെ കുറ്റങ്ങളും കുറവുകളും പറഞ്ഞുനടക്കുന്നത് ദീൻ കർശനമായി വിലക്കിയിട്ടുണ്ട്. ഒരാളെക്കുറിച്ച് അയാൾക്കിഷ്ടമില്ലാത്ത കാര്യങ്ങൾ അയാളുടെ അഭാവത്തിൽ പറയലാണ് പരദൂഷണം.

ഇബ്നു അബ്ബാസ്(റ) പറയുന്നു: “മിഅ്റാജ് രാത്രിയിൽ പ്രവാചകന് നരകം കാണിക്കപ്പെടുകയുണ്ടായി. അതിൽ ശവം ഭക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു വിഭാഗത്തെ അദ്ദേഹം കണ്ടു. അദ്ദേഹം ചോദിച്ചു: ‘ജിബ്രീൽ, ഇവർ ആരാണ്?’ ‘ജനങ്ങളെക്കുറിച്ച് പരദൂഷണം പറയുകയും അങ്ങനെ അവരുടെ മാംസം തിന്നുകയും ചെയ്തവരാണിവർ’ ജിബ്രീൽ പറഞ്ഞു” (അഹ്മദ്).

വിലക്കപ്പെട്ട ഇത്തരം ദുർഗുണങ്ങൾ മറ്റാരേക്കാളും മുമ്പേ സ്വയം ഉപേക്ഷിക്കുക എന്നതായിരുന്നു പ്രവാചകന്റെ രീതി. പരദൂഷണം കേൾക്കുന്നതും പ്രവാചകന് അരോചകമായിരുന്നു. സഹപ്രവർത്തകരെക്കുറിച്ച് തന്നോട് ദുഷിച്ച് സംസാരിക്കരുതെന്ന് അനുയായികളെ പ്രത്യേകം താക്കീത് ചെയ്യുന്നത് അതുകൊണ്ടാണ്. ഇബ്നു ഉമർ(റ) പറയുന്നു: “പരദൂഷണം പറയുന്നതും കേൾക്കുന്നതും പ്രവാചകൻ ഒരുപോലെ നിഷിദ്ധമാക്കുകയുണ്ടായി” (ത്വബ്റാനി).

ഒരിക്കൽ അബൂബക്കറും ഉമറും(റ) പ്രവാചകന്റെ കൂടെ യാത്രപോവുകയായിരുന്നു. അവരോടൊപ്പം ഭക്ഷണം പാകം ചെയ്യാനും മറ്റുമായി ഒരു വേലക്കാരനുമുണ്ട്. ഒരുദിവസം അബൂബക്കറും ഉമറും ഉറങ്ങി എണീറ്റപ്പോൾ വേലക്കാരൻ ഉണർന്നിട്ടില്ല. അവരിലൊരാൾ പറഞ്ഞു: “ഇയാൾ വല്ലാത്ത ഒരു ഉറക്കക്കാരൻ തന്നെ!” പിന്നീട് അവർ ഭക്ഷണം കഴിക്കാനിരുന്നപ്പോൾ പ്രവാചകനോട് അൽപം കറി ആവശ്യപ്പെട്ടു. അവിടുന്ന് പറഞ്ഞു: “നിങ്ങൾ രണ്ടുപേരും ഭക്ഷണം കഴിക്കുകയും കറി ഉപയോഗിക്കുകയും ചെയ്തുവല്ലോ!” അവർ ചോദിച്ചു: “പ്രവാചകരേ, എപ്പോഴാണ് ഞങ്ങൾ കറി ഉപയോഗിച്ചത്?” നബി(സ) പറഞ്ഞു: “നിങ്ങളുടെ കൂട്ടുകാരന്റെ ന്യൂനതകൾ എടുത്തോതിക്കൊണ്ട് നിങ്ങൾ കുറച്ചുമുമ്പ് അവന്റെ മാംസം തിന്നപ്പോൾ! എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവൻതന്നെ സത്യം, നിങ്ങളുടെ കൂട്ടുകാരന്റെ മാംസാവശിഷ്ടങ്ങൾ രണ്ടുപേരുടെയും മുൻപല്ലുകളിൽ ഞാൻ കാണുന്നുണ്ട്.” അവർ പറഞ്ഞു: “പ്രവാചകരേ, ഞങ്ങൾക്കുവേണ്ടി അങ്ങ് അല്ലാഹുവിനോട് പ്രാർഥിച്ചാലും!” നബി(സ) പറഞ്ഞു: “നിങ്ങൾ രണ്ടുപേരും വേലക്കാരനെ ചെന്ന് കാണുക; എന്നിട്ട് നിങ്ങൾക്കുവേണ്ടി പ്രാർഥിക്കാൻ അദ്ദേഹത്തോട് ആവശ്യപ്പെടുക; അതാണ് കൂടുതൽ നല്ലത്!” (ഖറാഇത്വി). ഇമാം ഗസ്സാലി(റ) പറയുന്നു: “നോക്കുക! തങ്ങളുടെ കൂട്ടുകാരനെക്കുറിച്ച്, അയാൾ വല്ലാത്ത ഉറക്കക്കാരനാണെന്ന് പറഞ്ഞത് അവരിൽ ഒരാൾ മാത്രമാണ്. മറ്റെയാൾ അത് കേൾക്കുക മാത്രമാണ് ചെയ്തത്. എന്നിട്ടും നബി(സ) കുറ്റത്തിൽ രണ്ടുപേരെയും ഒരുപോലെ പങ്കാളിയാക്കിയിരിക്കുന്നു! അതിനർഥം, പരദൂഷണം പറയുന്നതിന് ചെവികൊടുക്കുന്നവൻ തന്റെ ഹൃദയംകൊണ്ടോ നാവുകൊണ്ടോ അതിനെ നിഷേധിക്കുന്നില്ലെങ്കിൽ ഒന്നാമനെപോലെ അവനും തെറ്റിൽ പങ്കാളിയാണ് എന്നത്രെ! (ഇഹ്യാഉലൂമിദ്ദീൻ, വാള്യം 3, പേജ് 146).

പരദൂഷണത്തിന് ചെവികൊടുക്കാതിരിക്കുക എന്നത് അത്തരം തെറ്റുകൾ പടർന്നുപിടിക്കാതിരിക്കാനുള്ള നല്ലൊരു മാർഗമാണ്. തങ്ങൾ പറയുന്നത് കേൾക്കാൻ ആളുണ്ടല്ലോ എന്നത് പരദൂഷകർക്ക് പ്രചോദനമായിത്തീരുകയാണ്. കേൾക്കാൻ ആളില്ലെങ്കിൽ പരദൂഷണം താനേ ഇല്ലാതാവും. മറ്റുള്ളവരുടെ ന്യൂനതകൾ തന്നോട് പറയരുതെന്ന് നബി(സ) വിലക്കിയതിന്റെ കാരണവും ഇതത്രെ.

ഒരിക്കൽ പ്രവാചകൻ കുറച്ചു ധനം ജനങ്ങൾക്കിടയിൽ വിതരണംചെയ്തു. ചിലർ അതിനെക്കുറിച്ച് മുറുമുറുത്തുകൊണ്ടിരുന്നു. ഒരാൾ പറഞ്ഞു: “അല്ലാഹുവാണ, ധന വിതരണത്തിൽ മുഹമ്മദ് അല്ലാഹുവിന്റെ പ്രീതിയോ പാരത്രിക മോക്ഷമോ ആഗ്രഹിച്ചിട്ടില്ല.” ഇബ്നു മസ്ഊദ്(റ) പറയുന്നു: “ഞാൻ ഈ വാർത്തയുമായി പ്രവാചകന്റെ അടുക്കൽ ചെന്നു. “പ്രവാചകരേ, അനുചരന്മാരുടെ തെറ്റുകുറ്റങ്ങൾ താങ്കളുടെ ചെവിയിലെത്തിക്കരുതെന്ന് താങ്കൾ ഞങ്ങളെ വിലക്കിയിട്ടുണ്ട്. എങ്കിലും ഞാൻ പറയുകയാണ്, ഇന്നയിന്ന വ്യക്തികൾ താങ്കളെക്കുറിച്ച് ഇപ്രകാരം സംസാരിക്കുന്നത് എനിക്ക് കേൾക്കാൻ കഴിഞ്ഞു. അവർക്കെതിരെ നടപടിയെടുത്താലും” പ്രവാചകന്റെ മുഖം വിവർണമായി. അവിടുന്ന് പറഞ്ഞു: “എന്നെ വിട്ടുപോകൂ...! നിശ്ചയം ഇതിനേക്കാൾ കൂടുതൽ പ്രവാചകൻ മൂസ(അ) ഉപദ്രവിക്കപ്പെട്ടിട്ടുണ്ട്. എന്നിട്ടദ്ദേഹം ക്ഷമ അവലംബിക്കുകയാണ് ചെയ്തത്” (തിർമുദി, അഹ്മദ്).

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം അബൂദാവൂദ്(4680), തിർമുദി, അഹ്മദ് എന്നിവർ ഉദ്ധരിച്ച ഈ നബിവചനത്തിന്റെ നിവേദക പരമ്പര പ്രബലമാണെന്ന് പ്രമുഖ ഹദീസ് പണ്ഡിതൻ ശൈഖ് അഹ്മദ് ശാക്കിർ സാക്ഷ്യപ്പെടുത്തുന്നു.